# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത് ചോദ്യം നമ്പർ **2307.** **18.03.2015** ൽ മറുപടിയ്ക്ക്

### മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എ.എം.ആരിഫ്** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി തുടങ്ങിയത് ഏത് വർഷത്തിലാണ്; | (എ) | 2011 ൽ |
| (ബി) | പ്രസ്തുത ഇ-ഗവേണൻസ് പദ്ധതിയുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ധാതുഖനനവും വിപണനവുമായി ബന്ധപ്പെട്ട എല്ലാതരം അനുവാദങ്ങളും ഓൺലൈനായി നൽകുക, ധാതുക്കൾ കടത്തുവാനുള്ള പാസുകൾ ഓൺലൈനായി നൽകുക, ധാതു ഖനനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഡിജിറ്റലായി സൂക്ഷിക്കുക, നടപടിക്രമങ്ങളിൽ കൂടുതൽ സുതാര്യത കൊണ്ടുവരിക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ധാതുഖനനം നടത്തുവാൻ വകുപ്പിന്റെ ഓഫീസുകളിൽ പോകാതെ ഖനനാനുമതിക്കുള്ള അപേക്ഷ നൽകുക, ട്രഷറികളിൽ പോകാതെ തന്നെ ഓൺലൈനായി ഫീസടയ്ക്കുക, പാസ്സുകൾ ഒപ്പിടുന്നതിനായി ഓഫീസുകളിൽ പോയി കാത്തുനിൽക്കാതെ പണമടച്ച ഉടനെതന്നെ ഓൺലൈനായി പാസ് പ്രിന്റ് ചെയ്യുക, മാസാമാസം നൽകേണ്ട റിട്ടേണുകൾ ഓൺലൈനായി സമർപ്പിക്കുക എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ സവിശേഷതകൾ. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് അറിയിക്കാമോ; | (സി) | 169 ലക്ഷം രൂപ. |
| (ഡി) | ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; പ്രസ്തുത ഏജൻസി വഴി മൈനിംഗ് & ജിയോളജി വകുപ്പിൽ എത്ര ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി; ആർക്കൊക്കെ പരിശീലനം നൽകി; പരിശീലനത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; | (ഡി) | കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത ഏജൻസി നടത്തിയ മൂന്ന് പരിശീലന പരിപാടികളിൽ വകുപ്പിലെ 94 പേർ പങ്കെടുത്തു. പരിശീലനം ലഭിച്ചവരിൽ ഡെപ്യൂട്ടി ഡയറക്ടർമാർ, സീനിയർ ജിയോളജിസ്റ്റുമാർ, ജിയോളജിസ്റ്റുമാർ, ആഡിറ്റ് ആഫീസർ, അസിസ്റ്റന്റ് ജിയോളജിസ്റ്റുമാർ, സൂപ്രണ്ടുമാർ, ക്ലാർക്കുമാർ മുതലായവർ ഉൾപ്പെടും. പരിശീലന പരിപാടിക്കൾക്കായി നാളിതുവരെ 8048 രൂപ ചെലവഴിച്ചു. |
| (ഇ) | പ്രസ്തുത പദ്ധതി എന്നാണ് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്; | (ഇ) | 2015-16 സാമ്പത്തിക വർഷം ടി പദ്ധതി പൂർത്തീകരിക്കാനാകും. |
| (എഫ്) | ക്വാറി മേഖലയിൽ പണിയെടുക്കുന്ന അഭ്യസ്തവിദ്യരല്ലാത്ത വിഭാഗങ്ങൾക്ക് ഇ-ഗവേണൻസ് പദ്ധതി പ്രായോഗികമാണോ എന്ന് പഠനം നടത്തിയിട്ടുണ്ടോ; | (എഫ്) | ക്വാറി ഉടമകൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി സംബന്ധിച്ച അവബോധവും പ്രായോഗിക പരശീലനവും ആവശ്യം വേണ്ടവർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിനാൽ ക്വാറി മേഖലയിൽ പണി എടുക്കുന്ന അഭ്യസ്തവിദ്യരല്ലാത്ത വിഭാഗങ്ങൾക്ക് ഈ പദ്ധതി പ്രായോഗികമാണോ എന്ന പഠനം നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (ജി) | ഈ വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതി പരാജയപ്പെടാതിരിക്കാൻ മുൻകരുതലുകൾ എടുത്തിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്? | (ജി) | ഉണ്ട്. ഈ പദ്ധതിയുടെ നിർവഹണം വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതും ടി വിഷയത്തിൽ പരിചയ സമ്പന്നരും കേന്ദ്രസർക്കാർ സ്ഥാപനവുമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ നോഡൽ ഓഫീസറായി ഇ-ഗവേണൻസിൽ പരിശീലനം ലഭിച്ചിട്ടുള്ളതും ധാതുക്കളെയും |

| | | | |
|---|---|---|---|
| | | | ഖനികളേയും നിയമങ്ങളേയും കുറിച്ച് പരിജ്ഞാനമുള്ള ജിയോളജിസ്റ്റ് തസ്തികയിൽപ്പെട്ട ഒരു ഉദ്യോഗസ്ഥനെയാണ് നിയമിച്ചിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഡയറക്ടർ അദ്ധ്യക്ഷനായി ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കം പ്രൊസീജിയർ കമ്മിറ്റി നിലവിലുണ്ട്. 14 ജില്ലാ ആഫീസുകളിലും പദ്ധതി നിർവ്വഹണത്തിനായി നോഡൽ ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇ-ഗവേണൻസ് സോഫ്റ്റ്‌വെയർ ഉപയോഗത്തിനായുള്ള പരിശീലനം ഈ പദ്ധതിയുമായി ബന്ധമുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ക്വാറി ഉടമകൾക്കും അവരുടെ ജീവനക്കാർക്കും നൽകുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ വകുപ്പിന്റെ 14 ജില്ലാ ആഫീസുകളിലും പ്രോജക്ട് തുടങ്ങുകയും ഇ-പാസ് നൽകുന്നതിന്റെ മുന്നോടി എന്ന നിലയ്ക്ക് സോഫ്റ്റ്‌വെയറിൽ ഖനികളുടേയും ധാതു കൺസഷനുകളുടെയും വിവരങ്ങൾ ചേർക്കുന്ന ജോലി 2015 ജനുവരി മാസം മുതൽ തുടങ്ങി. ടി ജോലികൾ പുരോഗമിക്കുന്നു. 2015 ഏപ്രിൽ 1 മുതൽ മൂവ്മെന്റ് പെർമിറ്റ് വിതരണവും ഇ-പാസ് വിതരണവും വാഹനം എൻറോൾമെന്റും തുടങ്ങുന്നതാണ്. പടിപടിയായി മറ്റ് മൊഡ്യൂളുകളും റിലീസ് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**